# METRO VAARTHA

## Tourism sector bets on rural tourism

**Date :** 23.5.2020 | **Edition : Kochi** | **Page :** 6 | **Clip size (cm) : W:** 21 **H:** 14

---

# ഇനി ഉൾനാടൻ ടൂറിസം



കൊച്ചി: ഒന്നിനു പുറകെ ഒന്നായി തിരിച്ചടികളിൽ വലഞ്ഞ കേരളത്തിന്റെ ടൂറിസം വിപണിയിൽ പുത സാധ്യതകൾ തേടി പദ്ധതികൾ ഒരുങ്ങുന്നു. ഈ രംഗത്ത് മുതൽ മുടക്കിയിരിക്കുന്ന ചെറുകിടക്കാരെ മുൻനിർത്തിയുള്ള പദ്ധതിക്കാണ് ആദ്യഘട്ടത്തിൽ സർക്കാർ പരിഗണന ൽകുന്നത്. സംസ്ഥാനത്തിനുള്ളിലെ ടൂറിസം സെന്ററുകൾ വളർത്തി ഇത്തരം സ്ഥാപനങ്ങൾക്ക് വരുമാനം കിട്ടുന്ന സ്ഥിതിയിലേക്ക് കാര്യങ്ങൾ എത്തിക്കുകയാണ് ആദ്യ ആക്ഷ്യം.

കേരളത്തിലുള്ളവർ കേരളം കാണട്ടെ എന്നതിന് ഊന്നൽനൽകി പ്രചാരണം തുടങ്ങും. മറ്റു സംസ്ഥാനങ്ങളിൽനിന്നുള്ള സഞ്ചാരികൾ ഉടൻ കേരളത്തിലെത്താൻ സാധ്യതയില്ലാത്തതിനാൽ അവരെ രണ്ടാമതേ പരിഗണിക്കൂ. ഓണത്തോടെ മലയാളികളായ സഞ്ചാരികളെ വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്ക് ആകർഷിക്കാനാകുമെന്നാണ് ടൂറിസം വകുപ്പിന്റെ പ്രതീക്ഷ. മൺസൂൺ ടൂറിസം പാക്കേജുകൾ വേണ്ടന്ന തീരുമാനത്തിലാണ്. ഉൾനാടൻ പ്രദേശങ്ങളിലെ സൗകര്യങ്ങൾ കാഴ്ച്ചകൾ എന്നിവ ആളുകളിലേക്ക് എത്തിക്കുകയായിരിക്കും

സഹകരണ ബാങ്കുകൾവഴി ടൂറിസം യൂണിറ്റുകൾക്കും തൊഴിലാളികൾക്കും കുറഞ്ഞപലിശയ്ക്ക് വായ്പ നൽകുന്നത് പരിഗണനയിലാണ്. ഓഗസ്റ്റിൽ നതിന്റെ പ്രചരണവും പരിപാടികളും തുടങ്ങാനാണ് ആലോചന. വിനോദസഞ്ചാര മേഖലയുടെ തിരിച്ചുവരവിന് ധനകാര്യം, തദ്ദേശം, ടൂറിസം വകുപ്പുകളുടെ സംയുക്ത ശ്രമമാണ് നടക്കുന്നത്. ടൂറിസം യൂണിറ്റുകൾക്കും തൊഴിലാളികൾക്കും സഹകരണ ബാങ്കുകൾവഴി വായ്പനൽകുന്നതിൽ തീരുമാനം വരും. ഏതൊക്കെ യൂണിറ്റുകൾക്ക് എത്ര രൂപവരെ നൽകാം എന്നീ കാര്യങ്ങൾ ചർച്ചയിലാണ്. ചെറുകിട യൂണിറ്റുകൾക്ക് ഏഴു ശതമാനം പലിശയ്ക്ക് ഒരു ലക്ഷംവരെ നൽകാൻ സഹകരണവകുപ്പ് ഉത്തരവായിരുന്നു. വസ്തുവോ സ്വർണമോ ഈടായി സ്വീകരിച്ചോ പരസ്പര ജാമ്യത്തിലോ വായ്പ ലഭ്യമാക്കും.

ഇപ്പോഴത്തെ പ്രതിസന്ധിയിൽനിന്നു പൂർണമായും കരകയറാൻ 12 മുതൽ 18 വരെ മാസം വേണ്ടിവരുമെന്നാണ് വിലയിരുത്തൽ. മുപ്പത്തയ്യായിരം കോടിയുടെ വരെ നഷ്ടമുണ്ടാകുമെന്ന് കോൺഫെഡറേഷൻ ഓഫ് കേരള ടൂറിസം ഇൻഡസ്ട്രി കഴിഞ്ഞ ദിവസം വ്യക്തമാക്കിയിരുന്നു.